DESPATCHED
On..11/06/2020.....
18/03/2020.

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2314(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **14230**/എസ്.ഐ.സി-ജി 6/14)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.സുരേന്ദ്രൻ പി.,
പാപ്പിനിശ്ശേരി ഹൗസ്,
ചാലക്കോട് പി.ഒ., പയ്യന്നൂർ വഴി,
കണ്ണൂർ ജില്ല – 670 307. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഡയറക്ടർ ഓഫ് സ്റ്റുഡൻസ് സർവ്വീസസ്,
കണ്ണൂർ സർവ്വകലാശാല, കണ്ണൂർ.

2. അപ്പീൽ അധികാരി&
രജിസ്ട്രാർ,
കണ്ണൂർ സർവ്വകലാശാല,
സിവിൽ സ്റ്റേഷൻ പി.ഒ., കണ്ണൂർ.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.04.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08.05.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04.07.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 05.08.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 06.09.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 12.09.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.11.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. സുരേന്ദ്രൻ പി.,

06.09.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 12.09.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2314(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായില്ലെന്നും മാസങ്ങൾ കഴിഞ്ഞാണ് മറുപടി ലഭിച്ചതെന്നും ലഭിച്ച മറുപടി അപൂർണ്ണമാണെന്നും കൃത്യമായ മറുപടി കാലതാമസമില്ലാതെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 07.04.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയവുമായി സഹകരിച്ച് സ്വാമി ആനന്ദതീർത്ഥ കാമ്പസിൽ നടന്ന Inculcate Residential Programme ന്റെ മുഴുവൻ ബില്ലുകളും വൗച്ചറുകളും (Dr.Haridas, Dr.K.P.Santhosh എന്നിവരുടെ ചുമതലയിൽ രണ്ടു തവണ നടന്നത് ) നൽകണമെന്നും തുടങ്ങി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 08.05.2014ന് നൽകിയ മറുപടിയിൽ Inculcate Residential Programme, BRNS Project ഇവയുമായി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും കണക്കുകളുടെ പരിശോധനക്കും തീർപ്പിനുമായി 28.04.2014വരെ ഫിനാൻസ് വിഭാഗത്തിൽ സമർപ്പിച്ചിട്ടില്ലെന്നും വിവരം നേരിട്ട് ലഭ്യമാക്കുന്നതിനായി ഡയറക്ടർ, സ്വാമി ആനന്ദതീർത്ഥ കാമ്പസിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നും പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 24.07.2014ന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ലഭ്യമാക്കുന്നതിനായി 142/- രൂപ കണ്ണൂർ സർവ്വകലാശാലാ ഫണ്ടിൽ ഒടുക്കിയതിന്റെ അസ്സൽ ചെലാൻ ഹാജരാക്കണമെന്നാണ്. തുടർന്ന് 05.08.2014ന് നൽകിയ മറുപടിയിൽ ടിയാൻ 01.08.2014ന് ചെലാൻ സഹിതം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ച തിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കിയി ട്ടില്ലെന്ന് കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ 07.04.2014ലെ അപേക്ഷയ്ക്ക് 08.05.2014ൽ മറുപടി നൽകിയിട്ടുണ്ടെന്നാണ്. എന്നാൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ ലഭിക്കുമ്പോൾ അപേക്ഷകർ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെ ങ്കിൽ ആയത് നിക്ഷിപ്തമായ ഓഫീസിലേയ്ക്ക് 5 ദിവസത്തിനകം അപേക്ഷ കൈമാറണമെന്നിരിക്കെ 30 ദിവസം വരെ കാലതാമസം വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസ ത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവി ക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

7. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 18–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★